# Desabhimani

# 21 August 2018

# New Delhi , Cheif Justice, Flood Relief

## കേരളത്തെ സഹായിക്കും: ചീഫ് ജസ്റ്റിസ്

സ്വന്തം ലേഖകൻ

ന്യൂഡൽഹി

പ്രളയദുരന്തം നേരിടുന്ന കേരളത്തിന് സഹായമെത്തിക്കാൻ ദുരിതാശ്വാസനിധിയിലേക്ക് താനും മറ്റ് ജഡ്ജിമാരും സാധ്യമായ എല്ലാ സഹായവും നൽകുമെന്ന് ചീഫ് ജസ്റ്റിസ് ദീപക്മിശ്ര. സുപ്രീംകോടതിയിൽ കേസ് പരിഗണിക്കവെയാണ് അദ്ദേഹത്തിന്റെ പരാമർശം.

എംപിമാരും എംഎൽഎമാരും അഭിഭാഷകരായി പ്രാക്ടീസ് ചെയ്യുന്നത് വിലക്കണമെന്ന ഹർജിയിൽ കക്ഷിചേരണമെന്ന് ആവശ്യപ്പെട്ട് ഭാരതീയ മത്ദന്ത സംഘാതൻ എന്ന എൻജിഒ നൽകിയ അപേക്ഷയാണ് പരിഗണിച്ചത്. ചീഫ് ജസ്റ്റിസിന്റെ ബന്ധുവായ മുതിർന്ന അഭിഭാഷകൻ പിനാകിമിശ്ര ബിജുജനതാദളിന്റെ എംപിയായതിനാൽ ചീഫ്ജസ്റ്റിസ് പരിഗണിക്കാൻ പാടില്ലെന്നാണ് സംഘടനയുടെ ആവശ്യം.

ഇത്തരം അപേക്ഷകൾ പിഴ ചുമത്തി തള്ളണമെന്ന് അറ്റോർണി ജനറൽ കെ കെ വേണുഗോപാൽ ആവശ്യപ്പെട്ടു. ഹർജിക്കാരിൽനിന്ന് ഈടാക്കുന്ന തുക പ്രളയക്കെടുതി നേരിടുന്ന കേരളത്തിന്റെ ദുരിതാശ്വാസ ഫണ്ടിലേക്ക് സംഭാവന ചെയ്യാവുന്നതാണെന്നും എജി ചൂണ്ടിക്കാട്ടി. ഈ അവസരത്തിലാണ് ദുരിതാശ്വാസ നിധിയിലേക്ക് താനുൾപ്പെടെയുള്ള ജഡ്ജിമാർ സാധ്യമായ സംഭാവനകൾ നൽകുമെന്ന് ചീഫ്ജസ്റ്റിസ് അഭിപ്രായപ്പെട്ടത്. വേണുഗോപാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ഒരുകോടി രൂപ സംഭാവന നൽകിയിരുന്നു. സുപ്രീംകോടതി ജഡ്ജിമാരും മലയാളികളുമായ ജസ്റ്റിസ് കുര്യൻ ജോസഫ്, ജസ്റ്റിസ് കെ എം ജോസഫ് എന്നിവരും സംഭാവന കൈമാറിയിരുന്നു.



ഒപ്പമുണ്ട്

അതേസമയം, കേരളത്തിൽ കൂടുതൽ കേന്ദ്രസേനയെ വിന്യസിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജി, ഹർജിക്കാർതന്നെ പിൻവലിച്ചു. ദുരിതാശ്വാസപ്രവർത്തനങ്ങൾ വിജയകരമാണെന്നും പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണെന്നുമുള്ള മുഖ്യമന്ത്രിയുടെ പ്രസ്താവനയെ തുടർന്നാണ് അഡ്വ. സിജിഎബ്രഹാം ഹർജി പിൻവലിച്ചത്.